LIBRARY ARCHIVES Kerala Legislative Assembly

എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും നേരത്തെചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഈ പദ്ധതി കാര്യക്ഷമമായി അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും സംസ്ഥാനതലത്തിൽ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും അവലോകനം ചെയ്യുവരുന്നു. ആരോഗ്യമന്ത്രി, ഹെൽത്ത് സെക്രട്ടറി, മിഷൻ ഡയറക്ടർ. എൻ.എച്ച്.എം, ആരോഗ്യവകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ എന്നിവർ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. അതുപോലെ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് സംസ്ഥാനതലത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ആരോഗ്യ സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്താൻ നേരിട്ടുള്ള 'സർപ്രൈസ് ഇൻസ്പെക്ഷനുകളും' നടത്തിവരുന്നു.

(ഡി) ഈ പദ്ധതിയുടെകീഴിൽ പ്രമേഹം, രക്താതി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

89 (2298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ വിവിധ രോഗകാരണങ്ങളാലും പോഷകക്കുറവുമൂലവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) അട്ടപ്പാടിയിൽ 2013 മുതൽ വിവിധ കാരണങ്ങളാൽ ഉണ്ടായ ശിശു മരണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

2013	-	31
2014	-	15
2015	-	7 (22-6-2015 വരെ)

(ബി) അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ഓരോ ശിശുമരണവും ആരോഗ്യ വകുപ്പ് പ്രത്യേകമായി അന്വേഷണ വിധേയമാക്കുന്നുണ്ട്. ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെകാര്യത്തിൽ അമ്മമാർക്ക് വേണ്ട ഗർഭകാല പരിചരണവും കുഞ്ഞുങ്ങൾക്കുവേണ്ട ഫീൽഡ്തല പരിശോധനകളും പരിചരണവും ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്.

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

90 (2299) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സൗകര്യം നൽകി ;

(ബി) ഇതിനായി എത്ര തസ്തികകൾ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2013-14 അദ്ധ്യയന വർഷം മുതൽ 100 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. കോഴ്സിൽ പ്രവേശനംനൽകി വരുന്നു. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ 50 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. പ്രവേശനം നൽകിവരുന്നു.

(ബി) മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് 261 തസ്തികകളും ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് 149 തസ്തികകളും അനുവദിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാന്റീൻ പ്രവർത്തനം

91 (2300) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly